"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം തൃക്കരുവ പഞ്ചായത്ത് എൽ പി സ്കൂൾ നിന്നും പ്രഥമാധ്യാപികയായി വിരമിച്ച ശ്രീമതി. സരളകമാരി എൽ ഫയൽ ചെയ്ത WP(C)നം.21364/2025-ന്മേൽ ബഹു. ഹൈക്കോടതി 23.07.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3433/2026/GEDN തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:-

1. ശ്രീമതി സരളകമാരി എൽ 11.04.2025 തീയതിയിൽ സമർപ്പിച്ച ഹർജി (Ext P2&P3 )
2. WP(C) നം.21364/2025 -മേലുള്ള 23.07.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം
3. കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.10.2025-ലെ AEOKLM/236/2025 -Bനമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.10.2025-ലെ DDE/3360/2025-A2 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തൃക്കരുവ പഞ്ചായത്ത് എൽ പി സ്കൂൾ നിന്നും പ്രഥമാധ്യാപികയായി വിരമിച്ച ശ്രീമതി. സരളകമാരി എൽ, ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)നം.21364/2025 -മേലുള്ള 23.07.2025 ലെ വിധിന്യായപ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച P2 & P3 ഹർജികൾ പരിഗണിച്ച് ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം ഉചിതമായ ഉത്തരവുണ്ടാകണമെന്നാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

2. ശ്രീമതി.സരളകമാരി എൽ സമർപ്പിച്ച P2 & P3 ഹർജികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

തൃക്കരുവ പഞ്ചായത്ത് എൽ.പി. സ്കൂളിലെ വിരമിച്ച പ്രധാനാധ്യാപികയായ ശ്രീമതി.സരളകുമാരി എൽ ആയ ഞാൻ അറിയിക്കുന്നത്, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.P.(C)നം.38083 of 2017(N) ഉത്തരവ് പ്രകാരം അർഹമായ ആനുകൂല്യങ്ങൾ 3 മാസത്തിനുള്ളിൽ പാസ്സാക്കി വിതരണം ചെയ്യാൻ കൊല്ലം അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടും, ഇതുവരെ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നതാണ്. 7 വർഷം കഴിഞ്ഞിട്ടും, പലതവണ വിദ്യാഭ്യാസ ഓഫീസിൽ അന്വേഷിച്ചപ്പോൾ ഇതുവരെ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിക്കുന്നത് .

3. ശ്രീമതി സരളകുമാരി എൽ 21-12-1990 തിയതിയിൽ എൽ.പി സ്കൂൾ ടീച്ചറായി കൊല്ലം തൃക്കരുവ പഞ്ചായത്ത് എൽ.പി സ്കൂളിൽ സേവനത്തിൽ പ്രവേശിക്കുകയും 10-06-1994 തീയതിയിൽ പ്രഥമാധ്യാപികയായി സ്ഥാനകയറ്റം ലഭിക്കുകയും ചെയ്തിരുന്നു. 15.09.1988 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 26 ചട്ടം 1 കൊണ്ടുവന്നത് പ്രകാരം എയിഡഡ് ലോവർ പ്രൈമറി/ അപ്പർ പ്രൈമറി ഹെഡ്മാസ്റ്ററിന് ഹെഡ്മാസ്റ്റർ തസ്തികയുടെ ശമ്പള സ്കെയിൽ ലഭിക്കുവാൻ ടീച്ചറായി കുറഞ്ഞത് 15 വർഷത്തെ തുടർച്ചയായ സർവീസ് ആവശ്യമാണ്. 10-06-1994 ൽ ശ്രീമതി സരളകുമാരിയ്ക്ക് 15 വർഷത്തെ തുടർച്ചയായ സർവീസ് ഇല്ലാത്തതിനാൽ പ്രഥമാധ്യാപിക സ്കെയിൽ അനുവദിച്ചിരുന്നില്ലായെന്ന് പരാമർശം(4) പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 26 ചട്ടം 1 പ്രകാരമുള്ള 15 വർഷത്തെ തുടർച്ചയായ സർവീസ് പൂർത്തിയാക്കിയ മുറയ്ക്ക് 21-12-2005 പ്രാബല്യത്തിൽ ടിയാൾക്ക് പ്രഥമാധ്യാപികയുടെ സ്കെയിൽ അനുവദിച്ച് നൽകുകയും തുടർന്ന് 21-12-2013 പ്രാബല്യത്തിൽ പ്രഥമാധ്യപികയുടെ സ്കെയിലൽ 8 വർഷം പൂർത്തിയാക്കിയതിന്റെ എച്ച്.എം. ഹയർ ഗ്രേഡ് അനുവദിക്കുകയും ചെയ്തിരുന്നു. 21.12.1990 ൽ സർവീസിൽ പ്രേവേശിച്ച ശ്രീമതി സരളകുമാരി എൽ കേവലം നാല് വർഷം ആകുന്നതിന് മുൻപെ അതായത് 10.06.1994 ൽ പ്രഥമാധ്യാപികയാകുകയും പ്രസ്തുത തീയതി മുതൽ പത്തു വർഷം തികയുന്ന മുറയ്ക്ക് പ്രഥമാധ്യാപിക ഹയർ ഗ്രേഡും 20 വർഷത്തെ പ്രഥമാധ്യാപിക സീനിയർ ഗ്രേഡും അനുവദിച്ച് നൽകണമെന്ന് അവ്യശ്യപ്പെട്ടുകൊണ്ടാണ് കോടതിയെ സമീപിച്ചത്. 15 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കി ഹെഡ്മാസ്റ്റർ സ്കെയിലിൽ ലഭിച്ചതിനു ശേഷം 10/8 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഹെഡ്മാസ്റ്റർ തസ്തികയിൽ ആദ്യ സമയബന്ധിത ഹയർ ഗ്രേഡ് അനുവധിക്കുകയുള്ളൂ .എന്നാൽ ശ്രീമതി സരളകുമാരി എൽ 21.12.1990 യിൽ സർവീസിൽ പ്രേവിശിച്ച 10.06.1994 ഇൽ എച്ച് എം സ്കെയിലിൽ അല്ലാതെ എച്ച്

എം ആയതിനാൽ ടിയാൾക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം ഹയർ ഗ്രേഡ് അനുവദിക്കാനാവില്ല .

5. മേൽ സാഹചര്യത്തിൽ, ശ്രീമതി. സരളകമാരി എൽ സർക്കാരിൽ സമർപ്പിച്ച P2 & P3 ഹർജികളിലെ ആവശ്യം നിലവിലെ ചട്ടങ്ങൾ പ്രകാരം പരിഗണനാർ ഹമല്ലായെന്ന് വിലയിരുത്തി നിരസിച്ച് തീർപ്പാക്കുന്നു, അപ്രകാരം ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) നം.21364/2025മേലുള്ള23.07.2025ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് ), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി. സരളകമാരി എൽ, ശ്രീലേഖം, വിഷ്ണുകാവ് നഗർ 105 , പുന്നത്തല നോർത്ത് ,

തിരുമുല്ലവരം പി .ഒ , കൊല്ലം

പൊതുവിദ്യാഭ്യാസ (ജെ-എ) വകുപ്പ് (NO.JA1/180/2026-GEDN Dated.31/03/2026

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 20-05-2026 17:57:18

സെക്ഷൻ ഓഫീസർ